## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **05-12-2022 - ൽ മറുപടിയ്ക്ക്**

### വണ്ടൂർ മണ്ഡലത്തിലെ പുള്ളിപ്പാടം തൂക്കുപാലം പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വണ്ടൂർ നിയോജക മണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിലെ പുള്ളിപ്പാടം തൂക്കു പാലം പുനർ നിർമ്മിക്കുന്നതിന് സി.എം.എൽ.ആർ.ആർ.പി. യിൽ ഉൾപ്പെടുത്തി 2.81 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **ഉണ്ട്. 2.90 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. രണ്ടു തവണ ടെണ്ടർ നടത്തിയിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ 18.07.2022-ന് ശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുവാൻ വേണ്ടി ജി.എസ്.ടി 12%-ൽ നിന്നും 18% ആയി ഉയർത്തിയ സാഹചര്യത്തിൽ ഭരണാനുമതി തുക വർദ്ധിപ്പിച്ച് 02.12.2022-ൽ സ.ഉ.(കൈ) നം.263/2022/തസ്വഭവ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | ജി.എസ്.ടി. വർദ്ധനവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ പ്രസ്തുത പാലം നിർമ്മാണത്തിന് അനുവദിച്ച തുകയെക്കാൾ എസ്റ്റിമേറ്റിൽ വർദ്ധനവ് വന്ന തുക എം.എൽ.എ. ഫണ്ടിൽ നിന്നോ ഗ്രാമ പഞ്ചായത്തോ നൽകാൻ തയ്യാറാണെന്ന് അറിയിച്ച സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | **ഉണ്ട്. 2.90 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. രണ്ടു തവണ ടെണ്ടർ നടത്തിയിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ 18.07.2022-ന് ശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുവാൻ വേണ്ടി ജി.എസ്.ടി 12%-ൽ നിന്നും 18% ആയി ഉയർത്തിയ സാഹചര്യത്തിൽ ഭരണാനുമതി തുക വർദ്ധിപ്പിച്ച് 02.12.2022-ൽ സ.ഉ.(കൈ) നം.263/2022/തസ്വഭവ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ